**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2707** **24-02-2026 - ൽ മറുപടിയ്ക്ക്**

**വാസയോഗ്യമല്ലാത്ത വീടുകളുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ ഉന്നതികളിലെ വാസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മിക്കാൻ പ്രത്യേക പദ്ധതി ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (എ) | 2006 ഏപ്രിൽ 1 ന ശേഷം നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയുമെന്ന് അക്രഡിറ്റഡ് എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തുന്നതുമായ വീടുകൾ പുനർനിർമ്മിക്കുന്നതിനായി സേഫ് പദ്ധതി (Secure Accommodation and Facility Enhancement Programme) നിലവിൽ നടപ്പിലാക്കി വരുന്നു. ലൈഫ് മിഷൻ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുത്ത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ലൈഫ് മിഷൻ ഫേസ് 1 ൽ ഉൾപ്പെടുത്തി വാസയോഗ്യമാക്കാൻ കഴിയുന്ന വീടുകൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലും ഉന്നതികളിലെ വികസന വിടവ് പരിഹരിക്കുന്ന പദ്ധതിയിലും വീടുകളുടെ പുനർനിർമ്മാണം ഏറ്റെടുക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ